പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

2019 നവംബർ 12 , ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

# സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സാ പദ്ധതി

ചോദ്യം : 4102
ശ്രീ.എം. രാജഗോപാലൻ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സാ പദ്ധതിയിൽ നിന്നും സ്വകാര്യ സംരംഭകരെ ഒഴിവാക്കി സർക്കാർ നേതൃത്വത്തിലുള്ള എസ്.എൽ. ഐ. യെ ചുമതലപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ കഴിയുമോ; വ്യക്തമാക്കുമോ? | 30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന ധനകാര്യ വകുപ്പിന്റെ പ്രോജക്ടാണ് സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്പ്). സംസ്ഥാന സർക്കാർ ജീവനക്കാർക്കായി എസ്.എൽ .ഐ മുഖേന നടപ്പിലാക്കുന്ന മറ്റു ലൈഫ് ഇൻഷുറൻസ് സ്കീമുകളുമായി (ജിഐഎസ്, ജിപിഎഐഎസ് മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷുറൻസ് സ്കീമുകൾ വളരെ സങ്കീർണമാണ്. ആരോഗ്യ ഇൻഷുറൻസ് സ്കീം നടത്തിപ്പിലെ സങ്കീർണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം നിലവിൽ സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നത് അഭികാമ്യമല്ല. |

സെക്ഷൻ ഓഫീസർ